പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 520 24.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

ചോദ്യം ഉത്തരം

ശ്രീ. എ. കെ. ബാലൻ
ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. എം. ഹംസ
ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മുൻസർക്കാരിന്റെ കാലത്ത് സ്വീകരിച്ചു വന്ന നടപടികൾ മുടങ്ങിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനും സമഗ്ര പുനരുദ്ധാരണത്തിനുമായി മുൻ സർക്കാരിന്റെ കാലത്ത് മന്ത്രി സഭാ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ച് സർക്കാർ 11 ശുപാർശകൾ അടങ്ങിയ ഒരു പാക്കേജ് നടപ്പിലാക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (പാക്കേജിന്റെ വിശദ വിവരങ്ങൾ ഒപ്പം ചേർക്കുന്നു - അനുബന്ധം - 1). ഈ പാക്കേജിൽ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിരുന്ന ശുപാർശകളിൽ ചിലത് പൂർത്തീകരിക്കപ്പെട്ടതും, ബാക്കിയുള്ളവ പുരോഗതിയുടെ പാതയിലുമാണ്. ഈ ശുപാർശകളിൽ യാതൊന്നും മുടങ്ങിയിട്ടില്ല. (ശുപാർശകളിൻമേൽ എടുത്ത നടപടികളുടെ വിശദ വിവരങ്ങൾ ഒപ്പം ചേർക്കുന്നു - അനുബന്ധം - 2). |

| | | | |
|---|---|---|---|
| (ബി) | മുൻ സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾക്ക് തുടർച്ച ഉറപ്പാക്കാനും മാനേജമെന്റും തൊഴിലാളികളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും തയ്യാറാകുമോ; | (ബി) | ജീവനക്കാരെ വിശ്വാസത്തിലെടുത്ത് കെ.എസ്.ആർ.ടി.സി. യുടെ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തികൊണ്ടിരിക്കുന്നത്. |
| (സി) | യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താൻ തൊഴിലാളികളുമായുള്ള ചർച്ച ഇപ്പോൾ നടക്കുന്നുണ്ടോ; | (സി) | ഉണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് എല്ലാ മാസവും 4-ാമത്തെ ശനിയാഴ്ച 3 മണിക്ക് അംഗീകൃത തൊഴിലാളി യൂണിയൻ പ്രതിനിധികളും ബന്ധപ്പെട്ട എം.എൽ.എ. മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് യൂണിറ്റ്തല പ്രതിമാസ അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. |
| (ഡി) | രാഷ്ട്രീയ പ്രേരിതമായി ജീവനക്കാരെ സ്ഥലം മാറ്റുന്ന നില ഒഴിവാക്കാൻ തയ്യാറാകുമോ; | (ഡി) | കെ.എസ്.ആർ.ടി.സി. യിൽ രാഷ്ട്രീയ പ്രേരിതമായി ജീവനക്കാരെ സ്ഥലമാറ്റാറില്ല. ജീവനക്കാരുടെ സ്ഥലംമാറ്റം നിയന്ത്രിക്കുന്നത് മാനേജ്മെന്റും, അംഗീകൃത തൊഴിലാളി സംഘടനകളുമായി ഒപ്പുവെച്ച സേവന-വേതന കരാർ 2008-ലെ വ്യവസ്ഥകൾ പ്രകാരമാണ്. |
| (ഇ) | മൂലധനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ പുതുതായി എത്ര തുക നൽകുകയുണ്ടായി? | (ഇ) | 2011 - 12 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.ക്ക് മൂലധന നിക്ഷേപയിനത്തിൽ 42 കോടി രൂപയും, സർക്കാർ വായ്പയിനത്തിൽ 40 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ ബഡ്ജറ്റിന്റെ Memorandum of Alteration -ൽ 100 കോടി രൂപ കൂടി ഉൾപ്പെടുത്തി മൊത്തം 140 കോടി രൂപ സർക്കാർ വായ്പായിനത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

## മുൻ സർക്കാരിന്റെ കാലത്തെ മന്ത്രിസഭാ ഉപസമിതിയുടെ 11 ശുപാർശകൾ

1. കോർപ്പറേഷന്റെ വികസനം ഉറപ്പാക്കുന്നതിനുവേണ്ടി പ്രതിവർഷം 1,000 ബസ്സുകൾ വീതം പുറത്തിറക്കേണ്ടതാണ്. ഇതിനായി ധനകാര്യ സ്ഥാപനങ്ങൾ നിന്നും കടമെടുക്കുമ്പോൾ സർക്കാർ ഗ്യാരന്റി ഉറപ്പ് വരുത്തുന്നതാണ്.

2. ഇപ്പോഴുള്ള സാമ്പത്തിക പ്രതിനിധി പരിഹരിക്കുന്നതിന്റെ ഭാഗമായി, ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് കെ.എസ്.ആർ.ടി.സി കൊടുതതു തീർക്കേണ്ട 160 കോടി രൂപയുടെ ബാദ്ധ്യത ട്രാൻസ്പോർട്ട് ബോണ്ടായി ഇറക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കോർപ്പറേഷൻ സർക്കാരിന് നൽകേണ്ട 31-3-2008 വരെയുള്ള ബാദ്ധ്യതകൾ എഴുതി തള്ളാൻ നടപടികൾ സ്വീകരിക്കേണ്ടതും, ഇപ്പോൾ കോർപ്പറേഷനുള്ള ആസ്തിയുടെ വില പുനർനിർണ്ണയം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇതു വഴി കോർപ്പറേഷന്റെ ധനകമ്മി കുറച്ച് ബാലൻ ഷീറ്റ് തയ്യാറാക്കേണ്ടതാണ്.

4. തിരുവനന്തപുരം ജില്ലയിൽ ഓടുന്ന സമാന്തര സർവ്വീസുകളെ കോർപ്പറേഷൻ ബസ്സുകൾ ഓടിക്കുന്ന മുറയ്ക്ക് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതെ പൂരണ്ണമായി നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എം.സി/എൻ.എച്ച് റോഡുകളിലൂടെ ഓടുന്ന സമാന്തര സർവ്വീസുകളെയും ഘട്ടം ഘട്ടമായി നിയന്ത്രിക്കുവാൻ നടപടികൾ എടുക്കേണ്ടതാണ്.

5. കോർപ്പറേഷന്റെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കത്തക്ക വിധത്തിൽ ഒന്നാം ഘട്ടമായി കെ.ടി.എഫ്.സി യുമായി ചേർന്ന് മുപ്പത് (30) പ്രധാന കേന്ദ്രങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കേണ്ടതാണ്. ഇവ നിർമ്മിക്കുമ്പോൾ യാത്രക്കാർക്ക് വിശ്രമമുറികളും, പ്രാഥമിക കാര്യങ്ങൾ ചെയ്യുന്നതിനുമുള്ള സൗകര്യവും ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ജീവനക്കാർക്ക് വിശ്രമ സൗകര്യങ്ങളും ഓഫീസ്, ഗ്യാരേജും ഉണ്ടായിരിക്കേണ്ടതാണ്. രണ്ടാം ഘട്ടമായി പ്രധാന 29 കേന്ദ്രങ്ങളിൽ ഇതേരീതിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കേണ്ടതാണ്.

6. 2008 ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കും, കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിനും കെ.ടി.ഡി.എഫ്.സി യിൽ നിന്നും ലോൺ എടുക്കുന്ന അനുപാതം 50%-ൽ നിന്നും 65% - മായി ഉയർത്തേണ്ടതാണ്.

7. ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് മോട്ടോർ വെഹിക്കിൾ ആകട് അനുസരിച്ച് അഞ്ഞൂറ് (500) രൂപ വരെ പരിശോധന നടത്തി ഫൈൻ ഈടാക്കുന്നതിന് കെ.എസ്.ആർ.ടി.സി യിലെ ഇൻസ്പെക്ടരമാർക്കും, അതിന് മുകളിലുള്ള ഉദ്യോഗസ്ഥർക്കും അധികാരം നൽകികൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് അടിയന്തിരമായി പുറത്തിറക്കേണ്ടതാണ്.

8. കെ.എസ്.ആർ.ടി.സി യിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കരാറിന്റെ കാലാവധി 1-3-2007 ൽ 10 വർഷം അധികരിച്ച സാഹചര്യത്തിൽ ശമ്പളപരിഷ്ക്കരണ ചർച്ച നടത്തുന്നതിനും, 1-1-2008 മുതൽ ഇടക്കാലാശ്വാസം ജീവനക്കാർക്കും, ഓഫീസർമാർക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. കെ.ടി.ഡി.എഫ്.സി ക്ക് തിരിച്ചടയ്ക്കാനുള്ള ലോണിനെ സംബന്ധിച്ച് പിന്നീട് ചർച്ച ചെയ്ത് തീരുമാനിക്കും.

10. പുതിയ ബസ്സുകൾ ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷനുശേഷം യൂണിറ്റുകളിലേയ്ക്ക് അനുവദിക്കുന്നതിനുള്ള പൂർണ്ണ ചുമതല കോർപ്പറേഷൻ മാനേജ്മെന്റിനാണ്. ഈ ബസ്സുകൾ അനുവദിക്കുമ്പോൾ അധികവരുമാനം കോർപ്പറേഷന് ലഭ്യമാകത്തക്ക വിധത്തിൽ മാത്രമേ അനുവദിക്കാൻ പാടുള്ളു.

11. കെ.എം.പി.എൽ ഘട്ടം ഘട്ടമായി വർദ്ധിപ്പിച്ച് കോർപ്പറേഷന്റെ ചെലവ് കുറയ്ക്കാൻ നടപടികൾ എടുക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

ശുപാർശകളിൻമേൽ എടുത്ത നടപടിയും ആയതിന്റെ പുരോഗതിയും ചുവടെ ചേർക്കുന്നു.

1. പ്രതിവർഷം 1,000 ബസ്സുകൾ നിരത്തിലിറക്കണം എന്ന ശുപാർശ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ മൂന്ന് (3) വോൾവോ ബസ്സുകൾ ഉൾപ്പടെ 2,725 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. 2011 - 12 വർഷത്തിൽ ആദ്യഘട്ടമെന്ന നിലയ്ക്ക് 500 ബസ്സുകൾ നിരത്തിലിറക്കുന്നതിലേക്കായി 70 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

2. ഐ.ഒ.സി.ക്ക് കെ.എസ്.ആർ.ടി.സി. കൊടുത്തു തീർക്കുവാനുണ്ടായിരുന്ന ബാദ്ധ്യത സർക്കാർ ധനസഹായം അനുവദിച്ച് മുഴുവനും കൊടുത്തുതീർത്തു.

3. കോർപറേഷന്റെ 31-3-2008 വരെയുള്ള ബാദ്ധ്യതയായ 1,070.60 കോടി രൂപയിൽ 250.38 കോടി രൂപയുടെ സർക്കാർലോൺതുക ഇക്വറ്റിയായി (മൂലധനനിക്ഷേപം) മാറ്റുകയും, ടി ലോണിന്റെ പലിശയും പിഴ പലിശയും, മോട്ടോർ വെഹിക്കിൾ ടാക്സും ഉൾപ്പെടെ 820.22 കോടി രൂപ സർക്കാർ എഴുതിതള്ളിയിട്ടുണ്ട്.

4. സമാന്തര സർവ്വീസ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പോലീസ് ഡിപ്പാർട്ട്മെന്റ്, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ്, കെ.എസ്.ആർ.ടി.സി. എന്നീ വകുപ്പുകൾ സംയുക്തമായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധന ഏർപ്പെടുത്തിയത് മൂലം സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.

5. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. യുടെ ഡിപ്പോകളിൽ അത്യാധുനിക സജ്ജീകരണത്തോടുകൂടിയ ഷോപ്പിംഗ് കോംപ്ളക്സുകൾ ആരംഭിക്കണം എന്ന ശുപാർശ നടപ്പിലാക്കിയതിന്റെ ഭാഗമായി അങ്കമാലി, കാസർകോഡ്, കൊട്ടാരക്കര, കാട്ടാക്കട എന്നീ ബസ് സ്റ്റേഷനുകളിൽ പണി കഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലക്സുകൾ ഉത്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, തിരുവല്ല തിരുവനന്തപുരം സെൻട്രൽ എന്നിവിടങ്ങളിലെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

6. 2008 ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിലേക്കും, കോർപറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിനും കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നും ലോൺ എടുക്കുന്ന അനുപാതം 50% ൽ നിന്നും 65% ആയി ഉയർത്തേണ്ടതാണെന്ന ശുപാർശ നടപ്പിലാക്കി.

7. ടിക്കറ്റില്ലാതെ യാത്രചെയ്യുന്നവരിൽ നിന്നും 500 രൂപ പിഴ ഈടാക്കിയ ഇനത്തിൽ 12,64,500 രൂപ ലഭിച്ചിട്ടുണ്ട്.

8. കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്.

9. കെ.റ്റി.ഡി.എഫ്.സി.യ്ക്കുള്ള വായ്പയുടെ തിരിച്ചടവ് കുറയ്ക്കുന്നതിലേയ്ക്കായി ലോൺ റീ-ഷെഡ്യൂൾ ചെയ്യാനുള്ള ശുപാർശ സർക്കാർ അംഗീകരിച്ച് നടപ്പിലാക്കി.

10. പുതിയ ബസ്സുകൾ ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷന് ശേഷം യൂണിറ്റുകളിലേയ്ക്ക് അനുവദിക്കുന്നതിനുള്ള പൂർണ്ണ ചുമതല കോർപ്പറേഷൻ മാനേജ്മെന്റിനാണ്. ഈ ബസ്സുകൾ അനുവദിക്കുമ്പോൾ അധിക വരുമാനം കോർപ്പറേഷന് ലഭ്യമാകത്തക്കവിധത്തിൽ മാത്രമേ അനുവദിക്കാൻ പാടുള്ളൂ എന്ന ശുപാർശ നടപ്പിലാക്കി.

11. കെ.എം.പി.എൽ. വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ കാരണം കെ.എം.പി.എൽ. 2005-ൽ 3.84 കി.മീ. ആയിരുന്നത് ഇപ്പോൾ 4.27 കി.മീ. ആയി ഉയർത്താൻ കഴിഞ്ഞു.

ടി ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ച എല്ലാ ശുപാർശകളും നടപ്പിലാക്കികഴിഞ്ഞു. അവ പുരോഗതിയുടെ പാതയിലുമാണ്.

(signature)

**സെക്ഷൻ ഓഫീസർ**